9-ാം വർഷം
2026
നവംബർ 29, 2026
മംഗളവാർത്ത ഒന്നാം ഞായർ



Laity Reflect on
Syro-Malabar Sunday Mass
SCRIPTURE READINGS



മൗനത്തിന്റെ നാനാർഥങ്ങൾ

ഉത്പ 17:15-22, എഫേ 5:21-6:4, വിശുദ്ധ ലൂക്കാ 1:5-25

ഷാജി പി ടി

വിത്തു നട്ടു, മുള പൊട്ടി, വെള്ളമൊഴിച്ചു, വളമിട്ടു. പക്ഷേ, തെല്ലും വളർന്നില്ല. ഒരു വർഷം കഴിഞ്ഞു. മാറ്റമില്ല. രണ്ടാം വർഷവും മൂന്നാം വർഷവും നാലാം വർഷവും ക്ഷമയോടെ പരിചരണം തുടർന്നു. നിന്നിടത്തു നിൽക്കുന്നതല്ലാതെ ഒരു നാമ്പു പോലും വളരുന്നില്ല. നാട്ടുകാർ മുള നട്ടയാളെ കളിയാക്കി തുടങ്ങി. എന്നാൽ അഞ്ചാം വർഷം, ആ മുള വളരാൻ തുടങ്ങി. നോക്കി നിൽക്കെ ഉയരുന്നു. വെറും ആറാഴ്ച കൊണ്ട് അത് 80 അടി ഉയരം പ്രാപിച്ചു! വാസ്തവത്തിൽ, ആദ്യത്തെ നാല് വർഷവും ആ മുള വളരുകയായിരുന്നു മണ്ണിന് മുകളിലല്ല, മറിച്ച് ആ 80 അടി ഉയരത്തെ താങ്ങിനിർത്താൻ വേണ്ട ശക്തമായ വേരുപടലം മണ്ണിനടിയിൽ ആഴ്ത്തുകയായിരുന്നു! ചൈനീസ് ബാംബൂവിന്റെ പ്രശസ്തമായ കഥയാണിത്.

നമ്മുടെ പ്രാർത്ഥനകളും ഇതുപോലെയാണ്. ദൈവം മൗനമായിരിക്കുന്നു എന്ന് നാം കരുതുമ്പോൾ, അവിടുന്ന് നമ്മുടെ ജീവിതത്തിന്റെ അടിത്തറ ഉറപ്പിക്കുകയാണ്. നമുക്കു വളരാനും ഉയരാനുമുള്ള, നമ്മുടെ ജീവിതനിയോഗങ്ങൾ നിവർത്തിക്കാനുള്ള സജ്ജീകരണങ്ങൾ ഒരുക്കുകയാണ്. ലൂക്കായുടെ സുവിശേഷം ഒന്നാം അധ്യായത്തിൽ നാം കാണുന്ന സഖറിയായുടെയും എലിസബത്തിന്റെയും ജീവിതം ഇതിന് ഏറ്റവും വലിയ ഉദാഹരണമാണ്.

നീതിനിഷ്ഠമായ ജീവിതവും വേദനയുടെ കാത്തിരിപ്പും

സഖറിയായും എലിസബത്തും ദൈവതിരുമുൻപിൽ നീതിനിഷ്ഠരും, കർത്താവിന്റെ കല്പനകളെല്ലാം കുറ്റമറ്റവിധം അനുസരിക്കുന്നവരുമായിരുന്നു. അവർക്ക് മക്കളില്ലായിരുന്നു; അനപത്യത അപമാനവും ശാപവുമായി കരുതപ്പെട്ടിരുന്ന കാലമായിരുന്നു. ഇരുവരും

വാർദ്ധക്യത്തിലേക്ക് കടന്നിരുന്നു. ഏതോ പാപത്തിന്റെ ഫലമായി ദൈവം മക്കളെ കൊടുക്കാത്ത ദമ്പതികൾ എന്ന് നാട്ടുകാർ അടക്കം പറയുന്ന സംസ ്കാരത്തിൽ അവർ പതിറ്റാണ്ടുകൾ പിടിച്ചു നിന്നു.

വിവിധ വിഷയങ്ങളെ ചൊല്ലി കണ്ണീരോടെ പ്രാർത്ഥിക്കുന്നവർ നമ്മുടെ ഇടയിലുമുണ്ടാകാം. സഖറിയായെയും എലിസബത്തിനെയും പോലെ, വേദനകളുടെ നടുവിലും ദൈവ ത്തോടുള്ള വിശ്വസ്തത കൈവിടാതെ കാത്തു പോരിക എന്നതാണ് പ്രധാനം.

അനുയോജ്യമുഹൂർത്തത്തിൽ ആഗതനാകുന്ന ദൈവം

അതിവിശുദ്ധ സ്ഥലത്ത് ധൂപാർപ്പണം നടത്താൻ ഒരു പുരോഹിതന് അവസരം ലഭിക്കുന്നത് അപൂർവമാണ്. പ്രായം ചെന്നെങ്കിലും, പ്രാർത്ഥനകൾക്ക് ഉത്തരം ലഭിച്ചില്ലെങ്കിലും സഖറിയാ തന്റെ ഉത്തരവാദിത്തത്തിൽ നിന്ന് ഒഴിഞ്ഞുമാറിയിരുന്നില്ല. അയാൾ വിശ്വസ്തതയോടെ ദേവാലയത്തിൽ ശുശ്രൂഷ ചെയ്തു. ആ ശുശ്രൂഷയുടെ നടുവിലേക്കാണ് ദൂതൻ വരുന്നത്: 'സഖറിയാ, ഭയപ്പെടേണ്ടാ; നിന്റെ പ്രാർത്ഥന കേട്ടിരിക്കുന്നു.'

മദർ തെരേസ പറഞ്ഞു: 'വലിയ കാര്യങ്ങൾ ചെയ്യാൻ നമുക്ക് കഴിയില്ലായിരിക്കാം, എന്നാൽ ചെറിയ കാര്യങ്ങൾ വലിയ സ്നേഹത്തോടെ ചെയ്യാൻ നമുക്ക് സാധിക്കും.' നിരാശയുടെ നടുവിലും നാം നമ്മുടെ ദൈനംദിന കടമകൾ വിശ്വസ്തതയോടെ ചെയ്യുമ്പോൾ, ദൈവം അവിടെ അത്ഭുതങ്ങൾ പ്രവർത്തിക്കും. നമ്മുടെ പ്രാർത്ഥന കൾക്ക് ദൈവത്തിന്റെ സന്നിധിയിൽ 'കാലാവധി' (Expiry date) ഇല്ല. സഖറിയാ ചെറുപ്പത്തിൽ നടത്തിയ പ്രാർത്ഥനയ്ക്ക് വാർദ്ധക്യത്തിലാണ് ദൈവം ഉത്തരം നൽകിയത്.

സന്ദേഹവും മൗനവും

പലപ്പോഴും നമ്മുടെ ബുദ്ധിയും യുക്തിയും ദൈവത്തിന്റെ പദ്ധതികൾക്ക് തടസ്സമാകാറുണ്ട്. സഖറിയായ്ക്ക് ലഭിച്ച മൗനം ഒരു ശിക്ഷ എന്നതിലുപരി ദൈവം നൽകിയ വലിയൊരു അനുഗ്രഹമായിരുന്നു. സംസാരിക്കാൻ കഴിഞ്ഞിരുന്നെങ്കിൽ, സഖറിയ പറയുമായിരുന്നത് തന്റെ സംശയത്തെയും ഭയത്തെയും കുറിച്ചാകുമായിരുന്നു. അത് ദൈവത്തിന്റെ പദ്ധതിയെക്കുറിച്ചുള്ള അവിശ്വാസം മറ്റുള്ളവരിലേക്കും പടർത്തുമായിരുന്നു. പകരം ദൈവത്തിന്റെ പദ്ധതി യാഥാർഥ്യമാകുന്നതിനായി അയാൾ മൗനം ഭജിച്ചു കൂട്ടിരുന്നു. മൗനം അയാളെ വളർത്തി. പ്രവാചകത്വത്തെ കൂടുതൽ കരുത്തുറ്റതാക്കി.

മൗനം അസാന്നിധ്യമല്ല

ദൈവം ഇല്ലെന്നു തോന്നിച്ച സന്ദർഭങ്ങൾ തങ്ങളുടെ ജീവിതത്തിലുണ്ടായിട്ടുണ്ടെന്നു വിശുദ്ധരും മിസ്റ്റിക്കുകളും എഴുതിയിട്ടുണ്ട്. നീണ്ടു പോയ ഇരുണ്ട രാത്രികൾ. പക്ഷേ അവരെല്ലാം പ്രഭാതം കണ്ടു, ദൈവസാന്നിധ്യം അനുഭവിച്ചു. ദൈവത്തിന്റെ മൗനം അസാന്നിധ്യത്തെയല്ല സൂചിപ്പിക്കുന്നത്.

സഖറിയായുടെയും എലിസബത്തിന്റെയും ജീവിതം നമ്മോട് മൂന്ന് കാര്യങ്ങൾ പറയുന്നു:



1. ക്ഷമയോടെ കാത്തിരിക്കുക: ചൈനീസ് മുളപോലെ, ദൈവം നിങ്ങളുടെ ജീവിതത്തിൽ ആഴത്തിൽ വേരുകളിറക്കുകയാണ്.

2. വിശ്വസ്തരായി തുടരുക: നിരാശപ്പെടാതെ നിങ്ങളുടെ ഉത്തരവാദിത്തങ്ങളും പ്രാർത്ഥനകളും തുടരുക.

3. നിശ്ശബ്ദതയെ സ്നേഹിക്കുക: ദൈവത്തിന്റെ പദ്ധതികളെ സംശയിക്കാതെ, അവിടുത്തെ ശബ്ദം കേൾക്കാനായി അല്പസമയം നിശ്ശബ്ദരാകുക.

നമ്മുടെ കണ്ണീരൊപ്പാനും, നമ്മുടെ അപമാനങ്ങളെ അനുഗ്രഹമാക്കി മാറ്റാനും ദൈവം കൃത്യസമയത്ത് നമ്മുടെ ജീവിതത്തിലേക്ക് കടന്നുവരും.

ദൈവത്തിന്റെ അനുഗ്രഹം നമ്മിൽ അവസാനിക്കാനുള്ളതല്ല. അത് നമ്മിലൂടെ മറ്റുള്ളവരിലേക്കും ഒഴുകേണ്ടതാണ്. യോഹന്നാൻ ജനിച്ചത് സഖറിയായുടെയും എലിസബത്തിന്റെയും സന്തോഷത്തിനുവേണ്ടി മാത്രമല്ല; ലോകത്തിന് രക്ഷകനെ പരിചയപ്പെടുത്താനുമായിരുന്നു.

ദൈവം തന്റെ ജനത്തെ രക്ഷിക്കാനുള്ള പദ്ധതിയിൽ ഒരു സാധാരണ കുടുംബത്തെ ഉൾപ്പെടുത്തുന്നു. വൃദ്ധരായ ദമ്പതികൾ. ഒരു ദേവാലയം. ഒരു പ്രാർത്ഥന. ഒരു ദൈവദൂതന്റെ സന്ദേശം. ഒരു കുഞ്ഞിന്റെ ജനനം. ഇവയിലൂടെ ദൈവം ചരിത്രത്തിന്റെ പുതിയ അധ്യായം ആരംഭിക്കുന്നു. നമ്മുടെ ജീവിതത്തിലും ദൈവം അങ്ങനെ പ്രവർത്തിച്ചേക്കാം. ചെറുതെന്നു കരുതുന്ന നമ്മുടെ ജീവിതം ദൈവത്തിന് വലിയൊരു ദൗത്യത്തിന്റെ ഭാഗമായിരിക്കാം. നമ്മൾ അവസാനമെന്ന് കരുതുന്നിടത്ത് ദൈവം ഒരു പുതിയ തുടക്കം കുറിക്കുന്നുണ്ടാകാം. നമുക്കു നമ്മെ ദൈവത്തിനു വിട്ടുകൊടുക്കാം, നമ്മുടെ കർമ്മങ്ങൾ തുടരാം, കാത്തിരിക്കാം.

(സോഫ്റ്റ്വെയർ എൻജിനീയറും ചാരിറ്റി പ്രവർത്തകനുമാണു ലേഖകൻ)

▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com